2024
JULY
17
WEDNESDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY

www.societytodaynews.com

E-mail: societytodaynews@gmail.com




# നദികളിൽ ജലനിരപ്പ് ഉയരുന്നു; അതീവ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്

**തിരുവനന്തപുരം:** കേരളത്തിൽ കാലവർഷം ശക്തമായി തുടരുന്നു. 8.45 സെന്റിമീറ്റർ മഴയാണ് ഇന്നലെ രാവിലെ അവസാനിച്ച 24 മണിക്കൂറിൽ സംസ്ഥാനത്താകെ പെയ്തത്. 22 വരെ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അടുത്ത ദിവസങ്ങളിൽ തെക്കൻ ചൈന കടലിലും വിയറ്റ്നാമിനും മുകളിലുള്ള ന്യൂനമർദം ബംഗാൾ ഉൾക്കടലിൽ പ്രവേശിക്കും. ഇത് 19 ന് പുതിയൊരു ന്യൂനമർദമായി മാറും.

ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് അലർട്ടും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ യെലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. കുറഞ്ഞ സമയം കൊണ്ട് കനത്ത മഴ പെയ്യുമെന്നാണ് പ്രവചനം. അത് മലവെള്ളപ്പാച്ചിലും മിന്നൽ പ്രളയങ്ങളും സൃഷ്ടിച്ചേക്കാം. പൊതുജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദേശമുണ്ട്. മഴക്കെടുതിയിൽ വിവിധ ജില്ലകളിലായി ഇന്നലെ മാത്രം 8 പേർ മരിച്ചു. ഒരാളെ കാണാതായി





## ഇടുക്കിയിൽ ജലനിരപ്പ് 2345.06 അടിയായി

**തൊടുപുഴ:** ഇടുക്കി അണക്കെട്ടിൽ ജലനിരപ്പുയരുന്നു. ഒരുദിവസത്തിനിടെ മൂന്നുശതമാനം വെള്ളം ഉയർന്നു. ഇന്നലെ രാവിലെ ഏഴിന് ജലനിരപ്പ് 2345.06 അടിയാണ്.

സംഭരണ ശേഷിയുടെ 42 ശതമാനമാണിത്. തിങ്കളാഴ്ച രാവിലെ 39 ശതമാനമായിരുന്നു ജലനിരപ്പ്. പദ്ധതി പ്രദേശത്ത് ഇന്നലെ 171.8 മില്ലിമീറ്റർ മഴ രേഖപ്പെടുത്തി. ഇത്തവണ കാലവർഷം ആരംഭിച്ചശേഷം ലഭിക്കുന്ന ഏറ്റവും ശക്തമായ മഴയാണിത്.

ഇന്നലെയും ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴ രേഖപ്പെടുത്തി. ഇത് അണക്കെട്ടിലേക്കുള്ള നീരൊഴുക്ക് ശക്തമാകാൻ കാരണമായിട്ടുണ്ട്. ജലനിരപ്പുയർന്നതിനെ തുടർന്നു ജില്ലയിൽ കല്ലാർകുട്ടി, മലങ്കര, ലോവർപെരിയാർ, കല്ലാർ എന്നീ അണക്കെട്ടുകൾ തുറന്നു. കല്ലാർകുട്ടി അണക്കെട്ടിൻറെ നാല് ഷട്ടറുകളും മലങ്കര അണക്കെട്ടിൻറെ ആറു ഷട്ടറുകളുമാണ് തുറന്നത്.

മലങ്കരയിൽ അഞ്ചുഷട്ടറുകൾ 50 സെൻറിമീറ്റർ വീതവും ഒരു ഷട്ടർ 10 സെൻറിമീറ്ററുമാണ് ഉയർത്തിയിട്ടുള്ളത്. ഇതോടെ തൊടുപുഴ, മൂവാറ്റുപുഴയാറുകളിൽ ജലനിരപ്പുയരാനുള്ള സാധ്യതയുള്ളതിനാൽ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

## മസ്കറ്റിൽ വെടിവയ്പ്പ്: ഒരു ഇന്ത്യക്കാരനുൾപ്പെടെ 6 പേർ മരിച്ചു

**മസ്കറ്റ്:** ഒമാൻറെ തലസ്ഥാനമായ മസ്കറ്റിൽ പള്ളിക്കു സമീപമുണ്ടായ വെടിവയ്പ്പിൽ ഒരു ഇന്ത്യക്കാരനും 4 പാക് പൗരന്മാരും ഉൾപ്പെടെ 6 പേർ മരിച്ചു. മൂന്ന് അക്രമികളെ പൊലീസ് കൊന്നു. കൊല്ലപ്പെട്ട ആറാമൻ ഒമാൻ പൊലീസ് സേനാംഗമാണ്. 28 പേർക്ക് പരിക്കേറ്റു.മരിച്ചവരെയോ പരിക്കേറ്റവരെയോ സംബന്ധിച്ച വിവരങ്ങൾ അറിവായിട്ടില്ല. മസ്കറ്റ് ഗവർണറേറ്റിലെ വാദി കബീർ മേഖലയിൽ തിങ്കളാഴ്ച രാത്രിയാണ് വെടിവയ്പ്പുണ്ടായത്. പരിക്കേറ്റവരിൽ നാലുപേർ റോയൽ ഒമാൻ പൊലീസിലേയും സിവിൽ ഡിഫൻസിലേയും ആംബുലൻസ് അതോറിറ്റിയിലേയും അംഗങ്ങളാണ്. ആക്രമണത്തിനു കാരണം വ്യക്തമല്ല. അക്രമികളെക്കുറിച്ചുള്ള അന്വേഷണം പുരോഗമിക്കുകയാണെന്ന് റോയൽ ഒമാൻ പൊലീസ് അറിയിച്ചു.

## പാക് തെഹ്‌രികെ ഇൻസാഫ് പാർട്ടിയെ നിരോധിക്കാനൊരുങ്ങി പാക് സർക്കാർ

**ഇസ്ലാമാബാദ്:** ജയിലിൽ കഴിയുന്ന പാക്കിസ്ഥാൻ മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാൻ നേതൃത്വം നൽകുന്ന പിടിഐയെ(പാക് തെഹ്‌രികെ ഇൻസാഫ് പാർട്ടി) നിരോധിക്കാനൊരുങ്ങി പാക് സർക്കാർ.

പിടിഐയെ നിരോധിക്കാനും സ്ഥാപകൻ ഇമ്രാൻ ഖാൻ, മുൻ പ്രസിഡൻറ് ആരിഫ് അൽവി, മുൻ ദേശീയ അസംബ്ലി ഡെപ്യൂട്ടി സ്പീക്കർ ഖാസിം സൂരി എന്നിവർക്കെതിരെ രാജ്യദ്രോഹ കുറ്റമടക്കം ചുമത്തി നടപടികളെടുക്കാനും തീരുമാനിച്ചതായി വാർത്താ വിനിമയ വകുപ്പ് മന്ത്രി അത്താവുള്ള തരാർ അറിയിച്ചു. വാർത്താസമ്മേളനത്തിലാണ് സർക്കാർ തീരുമാനം മന്ത്രി പ്രഖ്യാപിച്ചത്.

രാജ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതടക്കമുള്ള തെളിവുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇതിനായി സുപ്രീംകോടതിയെ സമീപിക്കുമെന്നും മന്ത്രി പറയുന്നു.

അതേസമയം, നടപടിയെ രൂക്ഷമായി വിമർശിച്ച പിടിഐ പാക്കിസ്ഥാൻറെ അടിസ്ഥാന ശിലകളെ തകർക്കരുതെന്ന് എക്സിൽ കുറിച്ചു. മേയിൽ നടന്ന കലാപവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ഇമ്രാൻ ഖാൻ ഇപ്പോഴും ജയിലിലാണ്. നിലവിൽ ദേശീയ അസംബ്ലിയിൽ 109 സീറ്റുകളുള്ള പിടിഐയാണ് പാക്കിസ്ഥാനിലെ ഏറ്റവും വലിയ പ്രതിപക്ഷ പാർട്ടി.

രാജ്യംമുന്നോട്ടേക്ക് പോകണമെങ്കിൽ പിടിഐ ഉണ്ടാകാൻ പാടില്ല. പിടിഐയും രാജ്യവും ഒരുമിച്ച് മുന്നോട്ട് പോകില്ലെന്നും മന്ത്രി തരാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഭരണഘടനയിലെ ചട്ടം 17പ്രകാരം രാഷ്ട്രീയ പാർട്ടിയെ നിരോധിക്കാനും വിഷയം സുപ്രീംകോടതിയിലേക്ക് റഫർ ചെയ്യാനും സർക്കാരിന് അധികാരമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

## 100 ദിവസത്തിൽ 30,000 പട്ടയം നൽകുമെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** എൽഡിഎഫ് സർക്കാർ അധികാരമേറ്റെടുത്ത ശേഷമുള്ള നാലാമത്തെ നൂറുദിന കർമപരിപാടികൾക്ക് തുടക്കമായെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. സാധാരണക്കാരുടെ ക്ഷേമവും സാമൂഹിക പുരോഗതിയും സമഗ്രവും സുസ്ഥിരവുമായ വികസനവും ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾക്ക് ഇത് ഊർജം പകരും. തിരഞ്ഞെടുപ്പ് പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിനൊപ്പം പ്രത്യേക ശ്രദ്ധ ചെലുത്തേണ്ട മേഖലകളെ ഉൾപ്പെടുത്തിയാണ് കർമപരിപാടി തയാറാക്കിയിട്ടുള്ളതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.ഒക്ടോബർ 22 വരെ സർക്കാരിന്റെ മൂന്നാം വാർഷികത്തോട് അനുബന്ധിച്ച് നടപ്പാക്കുന്ന കർമപരിപാടിയിൽ 100 ദിവസം കൊണ്ട് 47 വകുപ്പുകളുടെ 13,013.40 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനാണു ഉദ്ദേശിക്കുന്നത്. ആകെ 1,070 പദ്ധതികൾ ഉൾപ്പെടുത്തി. 13,013.40 കോടി രൂപ അടങ്കലും 2,59,384 തൊഴിലവസരങ്ങൾ സൃഷ്ടിക്കലും ലക്ഷ്യമിടുന്നു. 706 പദ്ധതികൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാനും 364 പദ്ധതികളുടെ നിർമാണ ഉദ്ഘാടനം / പ്രഖ്യാപനം 100 ദിന കാലയളവിൽ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

ഉപജീവനത്തിനായുള്ള പദ്ധതികളും പശ്ചാത്തല വികസന പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. 761.93 കോടി ചെലവിൽ നിർമിച്ച 63 റോഡുകൾ, 28.28 കോടിയുടെ 11 കെട്ടിടങ്ങൾ, 90.91 കോടി രൂപ ചെലവഴിച്ച് നിർമിച്ച 9 പാലങ്ങൾ ഉൾപ്പെടെ പൂർത്തീകരണം കഴിഞ്ഞ പദ്ധതികൾ ഉദ്ഘാടനം ചെയ്യും. 437.21 രൂപ വകയിരുത്തിയ 24 റോഡുകൾ, 81.74 കോടി വരുന്ന 17 കെട്ടിടങ്ങൾ, 77.94 കോടി രൂപ ചെലവ് വരുന്ന 9 പാലങ്ങൾ എന്നിവയുടെ നിർമാണ ഉദ്ഘാടനവും നടക്കും.

ലൈഫ് മിഷനിലൂടെ പുതിയ 10,000 വ്യക്തിഗത ഭവനങ്ങൾ കൂടി കൈമാറും. അക്ഷര നഗരിയായ കോട്ടയത്തെ അക്ഷര ട്യൂറിസം ഹബ്ബായി മാറ്റുന്ന പദ്ധതി, പൂജപ്പുരയിൽ വനിതകൾക്ക് മാത്രമായി പുതിയ പോളിടെക്നിക് കോളജ്, കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ശ്രീനാരായണ ഗുരുവിന്റെ ജീവചരിത്രം ഡിജിറ്റൽ രൂപത്തിൽ അനാവരണം ചെയ്യുന്ന മ്യൂസിയം, ആധുനിക സജ്ജീകരണങ്ങളോട് കൂടിയ 250 എംപിഐ ഫ്രാഞ്ചൈസി ഔട്ട്ലറ്റുകൾ തുടങ്ങി നിരവധി പദ്ധതികൾ പൂർത്തീകരിക്കുകയോ തുടക്കം കുറിക്കുകയോ ചെയ്യും





സുബ്രതോ കപ്പ് സംസ്ഥാന ഫുട്ബോൾ ടൂർണമെന്റിൽ അണ്ടർ 17 പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ എസ്ആർവി ഗവ.എച്ച്.എസ്.എസ് ടീമിന് എസ് ആർ വി ഫ്രണ്ട്സിന്റെ നേതൃത്വത്തിൽ എറണാകുളം ബിടിഎച്ച് ഹോട്ടലിൽ നൽകിയ സ്വീകരണ സമ്മേളനം എറണാകുളം ജില്ലാ സ്പോർടസ് കൗൺസിൽ പ്രസിഡന്റ്  പി വി ശ്രീനിജൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.അഡ്വ. മേരി ആൻ, ടി ആർ സീമ, സേറാ മേരി തോമസ്, എം. നെജ്മുന്നിസ, ആർ രതീഷ്, പത്മജ എസ് മേനോൻ, പ്രൊഫ. ബി ആർ അജിത്, സി സി ജേക്കബ്ബ്, ദുർഗ്ഗ പ്രസാദ്,ഇ പി അംബിക തുടങ്ങിയവർ സമീപം

# സുബ്രതോ കപ്പ്: ചാംപ്യൻ പട്ടം നേടിയ എസ്ആർവി ഗവ.എച്ച്.എസ്.എസ് ടീമിന് സ്വീകരണം നൽകി

**കൊച്ചി:**സുബ്രതോ കപ്പ് സംസ്ഥാന ഫുട്ബോൾ ടൂർണമെന്റിൽ അണ്ടർ 17 പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ എസ്ആർവി ഗവ.എച്ച്.എസ്.എസ് ടീമിന് സ്വീകരണം നൽകി. സ്കൂൾ പി ടി എ, അധ്യാപകർ,ഓൾഡ് സ്റ്റുഡന്റ്സ് എന്നിവരുടെ സംയുക്ത വേദിയായ എസ് ആർ വി ഫ്രണ്ട്സിന്റെ നേതൃത്വത്തിൽ എറണാകുളം ബിടിഎച്ചിൽ നടന്ന സ്വീകരണ സമ്മേളനം എറണാകുളം ജില്ലാ സ്പോർടസ് കൗൺസിൽ പ്രസിഡന്റ്  പി വി ശ്രീനിജൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. എസ് ആർ വി ഫ്രണ്ടസ് എക്സിക്യൂട്ടീവ് ചെയർമാൻ ആർക്കിടെക്റ്റ് പ്രൊഫ. ബി ആർ അജിത് അധ്യക്ഷത വഹിച്ചു. കൊച്ചി കോർപ്പറേഷൻ കൗൺസിലർ പത്മജ എസ് മേനോൻ, റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ മിഡ് ടൗൺ പ്രസിഡന്റ് അഡ്വ.മേരി ആൻ, സ്പോർട്സ് കൗൺസിൽ കോച്ച് ആർ രതീഷ്, എസ്.ആർ.വി സ്കൂൾ കോച്ച് എം. നെജ്മുന്നിസ, എസ്.ആർ.വി ഫ്രണ്ടസ് വൈസ് ചെയർമാനും മുൻ ഇന്ത്യൻ ഫുട്ബോൾ ടീം ക്യാപ്റ്റനുമായ സി സി ജേക്കബ്ബ്, സ്.ആർ.വി ഫ്രണ്ടസ് വൈസ് ചെയർമാൻ ദുർഗ്ഗ പ്രസാദ്, സ്കൂൾ പ്രഥമ അധ്യാപിക ടി ആർ സീമ, മുതിർന്ന അധ്യാപികയും ടീം മാനേജരുമായ ഇ പി അംബിക, സ്കൂൾ ടീം ക്യാപ്റ്റൻ സേറാ മേരി തോമസ്, പിടിഎ പ്രതിനിധി വിനോദ് തുടങ്ങിയവർ സംസാരിച്ചു. എറണാകുളം ജില്ലയെ പ്രതിനിധീകരിച്ചാണ് എസ്ആർവി ഗവ.എച്ച്.എസ്.എസ് ചാംപ്യൻഷിപ്പിൽ പങ്കെടുത്തത്. പാലക്കാട് ശ്രീകൃഷ്ണപുരം സ്കൂൾ മൈതാനിയിൽ നടന്ന ഫൈനൽ മൽസരത്തിൽ കണ്ണൂർ സ്പോർടസ് സ്കൂളിനെ എതിരില്ലാത്ത ഒരുഗോളിന് പരാജയപ്പെടുത്തിയാണ് എസ്ആർവി ചാംപ്യന്മാരായത്. ആദിശ്രീയാണ് എസ്ആർവിക്കു വേണ്ടി ഗോൾ നേടിയത്. എസ്ആർവിയുടെ  മരിയ ലീമയാണ് മികച്ച ഗോൾ കീപ്പർ. എസ്ആർവിയുടെ തന്നെ അന്ന സുദർശനനാണ് ടോപ് ഗോൾ സ്കോറർ.

# മലങ്കര ഓർത്തഡോക്സ് സഭ കൊല്ലം ഭദ്രാസന വാർഷിക യോഗം

**കൊല്ലം :** ദൈവത്തിൽ നിന്നു വൻ കാര്യങ്ങൾ  പ്രതീക്ഷിക്കുന്നതോടൊപ്പം ദൈവത്തിനായി പ്രവർത്തിക്കുന്നവർ കൂടി ആകണമെന്നും സമൂഹ നന്മയാകണം സഭകളുടെ ലക്ഷ്യമെന്നും ഓർത്തഡോക്സ് സഭ കൊല്ലം ഭദ്രാസനാധിപൻ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു. മലങ്കര ഓർത്തഡോക്സ് സഭ കൊല്ലം ഭദ്രാസന വാർഷിക യോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഭദ്രാസന സെക്രട്ടറി ഫാ. പി.ടി. ഷാജൻ, വൈദിക സംഘം സെക്രട്ടറി ഫാ. ജോൺ ടി.വർഗീസ്, സഭാ മാനേജിങ് കമ്മിറ്റിയംഗം , ജോൺ സി.ഡാനിയേൽ, ഫാ. പി.തോമസ്, വൈ.അച്ചൻകുഞ്ഞ് തലവൂർ, ഫാ. ആൻഡ്രൂസ് വർഗീസ് തോമസ്, ഫാ.ബാബു ജോർജ്, ലാലുമോൻ മഞ്ഞക്കാല, മാത്യു ജോൺ കല്ലുംമൂട്ടിൽ, ഡോ. ഡി.പൊന്നച്ചൻ, സിബിൻ തേവലക്കര, ഫാ. മാത്യു ഏബ്രഹാം തലവൂർ, ഫാ. ഐപ്പ് നൈനാൻ, ഡോ. ജോൺസൺ കല്ലട, സാജു വർഗീസ്, റോബിൻ പി.അലക്സ്, ജോൺസൺ ജി.ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

# ട്രെയിനിങ് സർവീസ് പ്രൊവൈഡേഴ്സ് സമ്മിറ്റ് 27 ന്

**കൊച്ചി:** നൈപുണ്യ വികസന പ്രവർത്തനങ്ങൾ വികേന്ദ്രീകൃത മാതൃകയിൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സ്കിൽ സെക്രട്ടറിയേറ്റായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന നൈപുണ്യ വികസന മിഷൻ ജില്ലാ നൈപുണ്യ വികസന സമിതിയുമായി ചേർന്ന് നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ സമ്മിറ്റ് സംഘടിപ്പിക്കുന്നു. ജൂലൈ 27 ന് രാവിലെ 9.30 മുതൽ 1.30 വരെ കളമശേരി കുസാറ്റ് ക്യാംപസ് സെമിനാ4 ഹാളിലാണ് സമ്മിറ്റ് നടക്കുന്നത്. മന്ത്രി പി. രാജീവ് സമ്മിറ്റ് ഉദ്ഘാടനം ചെയ്യും.

ജില്ലയിൽ നിലവിൽ നൈപുണ്യ പരിശീലന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ചെറുതും വലുതുമായ എല്ലാ പൊതു  സ്വകാര്യ നൈപുണ്യ പരിശീലന സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് സമ്മിറ്റ് സംഘടിപ്പിക്കുക.

ജില്ലയിൽ നൈപുണ്യ പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിക്കുന്ന വിവര ശേഖരണവും, നൈപുണ്യ പരിശീലന സ്ഥാപനങ്ങളെയും, ജില്ലയിൽ ലഭ്യമായിട്ടുള്ള നൈപുണ്യ പരിശീലന കോഴ്സുകളെയും സംബന്ധിക്കുന്ന സമഗ്ര വിവരശേഖരണവും ലക്ഷ്യമിട്ടാണ് സമ്മിറ്റ് സംഘടിപ്പിക്കുന്നത്.

അതോടൊപ്പം തന്നെ ജില്ലാ നൈപുണ്യ വികസന പദ്ധതിയിലേയ്ക് നൈപുണ്യ പരിശീലന നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് പൊതു  സ്വകാര്യ നൈപുണ്യ പരിശീലന സ്ഥാപങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുക, അവർക്ക് വിവിധ കേന്ദ്ര  സംസ്ഥാന നൈപുണ്യ വികസന പദ്ധതികൾ പരിചയപ്പെടുത്തുക, ജില്ലയിലെ നൈപുണ്യ വികസന പ്രവർത്തനങ്ങളിൽ പൊതു  സ്വകാര്യ നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക, ജില്ലയിലെ നൈപുണ്യ വികസന ആവാസ വ്യവസ്ഥയെ ശക്തിപ്പെടുത്തുക, ജില്ലയിലെ വിവിധ വ്യവസായ മേഖലകൾക്കാവശ്യമായ നൈപുണ്യ ക്ഷമതയുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുക എന്നിവയു സമ്മിറ്റിന്റെ ലക്ഷ്യങ്ങളാണ്.

ജില്ലയിൽ പ്രവർത്തിക്കുന്ന  പൊതു സ്വകാര്യ നൈപുണ്യ പരിശീലന സ്ഥാപനങ്ങളും സമ്മിറ്റിൽ പങ്കെടുക്കുന്നതിന് താഴെ കാണുന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

https://forms.zohopublic.in/ex-esckase/formt/rial11/formperma/QZdDNUYIZBtU-X18qfuBrtS-DkyWPy8XDggnTuFU6rTM വിശദ വിവരങ്ങൾക്ക് ജില്ലാ സ്കിൽ കോർഡിനേറ്ററിനെ ബന്ധപ്പെടുക :9400251885,9544226605

# ഐകൂ ഇസെഡ് 9 ലൈറ്റ് വിപണിയിലേക്ക്

**കൊച്ചി:** ഐകൂ മിഡ് റേഞ്ച് സ്മാർട്ട്ഫോൺ ഐകൂ ഇസെഡ് 9 ലൈറ്റ് വിപണയിൽ അവതരിപ്പിച്ചു.




ശക്തമായ പ്രോസസർ, സ്റ്റെല്ലാർ ഡിസൈൻ, സോണി പ്രൈമറി ക്യാമറ ഉണ്ടെന്ന് കമ്പനി അവകാശപ്പെടുന്നു.ഐകൂ ഇസെ ഡ് 9 ലൈറ്റ് 10,499 രൂപ മുതൽ ആരംഭിക്കുന്നു.പൂർണ്ണമായും ലോഡുചെയ്ത 5ജി സ്മാർട്ട്ഫോണായ ഐകൂ ഇസെഡ് 9 ലൈറ്റ്, മീഡിയ ടെക് ഡിമെൻസിറ്റി 6300 5ജി മൊബൈൽ പ്ലാറ്റ്ഫോമാണ് നൽകുന്നത്. ഏറ്റവും പുതിയ 6ा പ്രോസസ്സ് സാങ്കേതികവിദ്യയിൽ നിർമ്മിച്ച അതിന്റെ 8കോർ സിപിയു ആർക്കിടെക്ചർ, തടസ്സമില്ലാത്ത മൾട്ടിടാസ്കിംഗ്, ലാഗ്ഫ്രീ ഗെയിമിംഗ്, ആയാസരഹിതമായ ആപ്പ് സ്ക്രോളിംഗ് എന്നിവ ഉറപ്പാക്കിക്കൊണ്ട്, 414കെ + ൽ കൂടുതൽ അഇൻ ടു ടു സ്കോർ സ്കോർ നേടുന്നതായും കമ്പനി അറിയിച്ചു.

# ശ്വാസനാളി ചുരുങ്ങിപ്പോയ മുംബൈ സ്വദേശിക്ക് ഇനി പുതുജീവിതം

**കൊച്ചി:** ടി ബി ബാധിച്ച് മുഴുവനായി ചുരുങ്ങിപ്പോയ ശ്വാസനാളി കൊച്ചി അമൃത ആശുപത്രിയിൽ ചികിത്സയിലൂടെ പൂർവസ്ഥിതിയിലാക്കി.മുംബൈ സ്വദേശിയായ 32 വയസ്സുകാരന്റെ ശ്വാസകോശമാണ് അമൃതയിലെ ഇന്റർവെൻഷണൽ പൾമണോളജി ചീഫ് ഡോ.ടിങ്കു ജോസഫിന്റെ നേതൃത്വത്തിൽ പൂർവസ്ഥിതിയിലാക്കിയത്.ശ്വാസനാളി ചുരുങ്ങിയതിനെ തുടർന്ന് ഗുരുതരമായ ചുമയും ശ്വാസതടസ്സവും അനുഭവപ്പെട്ടിരുന്ന  യുവാവ് ഈ മാസം 8 നാണ് ചികിത്സയ്ക്കായി മുംബൈയിൽ നിന്ന് കൊച്ചി അമൃത ആശുപത്രിയിലേക്കെത്തിയത്. തുടർന്ന് നടത്തിയ പരിശോധനയിൽ ശ്വാസ നാളത്തിന്റെ പല  ഭാഗങ്ങളിലും ചുരുക്കം സംഭവിച്ചതായി കണ്ടെത്തി.തുടർന്ന് ഡോ. ടിങ്കു ജോസഫിന്റെ നേതൃത്വത്തിലുള്ള ഡോക്ടർമാരുടെ സംഘം ശസ്ത്രക്രിയ കൂടാതെ റിജിഡ് ബ്രോങ്കോസ്കോപ്പി ഉപയോഗിച്ച് ഇതിനുള്ള പരിഹാരം കാണുകയായിരുന്നു. റിജിഡ് ബ്രോങ്കോസ്കോപി ഉപയോഗിച്ച് 4 സെന്റിമീറ്റർ നീളത്തിലാണ് ശ്വാസനാളത്തിൽ സ്റ്റെൻഡ് ഇട്ടത്. ഇതോടെ യുവാവിന് ശ്വസിക്കാനുള്ള തടസ്സങ്ങളും മാറി. പൂർണമായും ആരോഗ്യം വീണ്ടെടുത്താണ് യുവാവ് കഴിഞ്ഞ ദിവസം മുംബൈയ്ക്ക് മടങ്ങിയത്.ടിബി രോഗം വന്നവരിൽ ഇത്തരത്തിൽ ശ്വാസനാളം ചുരുങ്ങുന്ന അവസ്ഥയുണ്ടാകാറുണ്ടെന്നും ഇത് പരിഹരിക്കുന്നതിനായി സ്ഥാപിക്കുന്ന സ്റ്റെൻഡ് പിന്നീട് നീക്കം ചെയ്യാവുന്നതാണെന്നും ഡോ.ടിങ്കു ജോസഫ് പറഞ്ഞു.

# കനറ റൊബേക്കോ ബാലൻസ്ഡ് അഡ്വാന്റേജ് ഫണ്ട് അവതരിപ്പിക്കുന്നു

**കൊച്ചി:**  കനറ റൊബേക്കോ മ്യൂചൽ ഫണ്ട് പുതിയ കനറ റൊബേക്കോ ബാലൻസ്ഡ് അഡ്വാന്റേജ് ഫണ്ടിന്റെ അവതരിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. എൻഎഫ്ഒ 2024 ജൂലൈ 12ന് ആരംഭിക്കുകയും 2024 ജൂലൈ 26ന് അവസാനിക്കുകയും  ചെയ്യും. ആകെ ഫണ്ടിന്റെ 65% അല്ലെങ്കിൽ കൂടുതൽ ഓഹരികളിൽ നിക്ഷേപിക്കും, അത് നിക്ഷേപകർക്ക് ഇക്വിറ്റി ടാക്സേഷൻ ഉറപ്പാക്കുന്നു. ബാക്കിത്തുക കട, ധനവിപണി ഉപകരണങ്ങളിൽ നിക്ഷേപിക്കും. വിപണിയുടെ അസ്ഥിരത മൂലം ഉണ്ടാകുന്ന നിക്ഷേപക പെരുമാറ്റ വിടവിനെ അഭിസംബോധന ചെയ്യുന്നതിന് ഇത് ലക്ഷ്യമിടുന്നതായി കനറ റോബെകോ മ്യൂചൽ ഫണ്ട് സിഇഒ മിസ്റ്റർ രജനീഷ് നാരുല പറഞ്ഞു.കനറ റോബെകോബാലൻസ്ഡ് അഡ്വാന്റേജ് ഫണ്ട് ദീർഘകാലത്തേക്ക് വരുമാനം ലഭിക്കുന്നതിനൊപ്പം മൂലധനത്തിന്റെ മൂല്യവർദ്ധനവും ലക്ഷ്യമിട്ടുകൊണ്ട് ഓഹരികളും കടപത്രങ്ങളും വാങ്ങുന്നതിൽ നാടകീയമായ മാറ്റം കൊണ്ടുവരും. ഓഹരികൾ വാങ്ങുന്നതിൽ വൻതോതിൽ മാറ്റം കൊണ്ടുവരുന്ന രീതി തിരയുന്ന മ്യൂചൽ ഫണ്ട് നിക്ഷേപകർക്ക് ചേരുന്നതാണ് ഈ ഫണ്ട്. വിപണിയിലെ കയറ്റിറക്കങ്ങളിൽ നഷ്ടസാധ്യതകൾ കുറയ്ക്കാൻ ശ്രമിക്കുന്ന നിക്ഷേപകർക്കും ചേരുന്നതാണ് ഈ ഫണ്ടെന്നും രജനീഷ് നാരുല പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ആസ്റ്റർ മെഡ്സിറ്റിയിൽ ഇനി കൈ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയും

**കൊച്ചി:** അപകടങ്ങളിലും മറ്റും കൈകൾ നഷ്ടമായവർക്ക് ആശ്വാസമേകുന്ന പുതിയ സേവനത്തിന് തുടക്കമിട്ട് ആസ്റ്റർ മെഡ്സിറ്റി. ലോകപ്ലാസ്റ്റിക് സർജറി ദിനത്തോടനുബന്ധിച്ചാണ് കൈകൾ മാറ്റിവെയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്. ഹാൻഡ് ട്രാൻസ്പ്ലാന്റിന് വേണ്ട അത്യാധുനിക സംവിധാനങ്ങളാണ് ആസ്റ്റർ മെഡ്സിറ്റിയിൽ ഒരുക്കിയിട്ടുള്ളത്. അപകടങ്ങളിൽ കൈകൾ നഷ്ടമാകുന്നവർക്ക് മാത്രമല്ല, അസുഖങ്ങളോ വൈകല്യങ്ങളോ കാരണം കൈകളുടെ ശേഷി നഷ്ടമാകുന്നവർക്കും പുതിയ സൗകര്യങ്ങൾ ഉപകാരപ്രദമാകും. 'സ്പർശം പ്ലാസ്റ്റിക് സർജറിയിലൂടെ ജീവിതങ്ങളെ തൊടുന്നു' എന്ന പേരിൽ നടത്തിയ പരിപാടിയിൽ ആസ്റ്റർ മെഡ്സിറ്റിയിൽ പ്ലാസ്റ്റിക് സർജറിക്ക് വിധേയരായി സുഖംപ്രാപിച്ച നിരവധിയാളുകൾ പങ്കെടുത്തു. ചലച്ചിത്ര താരം കലേഷ് രാമാനന്ദ് ഉദ്ഘാടനം നിർവഹിച്ചു.

കാര്യങ്ങൾ മാറ്റിവെക്കുന്നത് വളരെ സങ്കീർണമായ ഒരു ചികിത്സാ പ്രക്രിയയാണ്. കൈകളുടെ ശേഷി വീണ്ടെടുക്കുന്നതിനൊപ്പം രോഗിയുടെ ജീവിതനിലവാരത്തെക്കൂടി ഉയർത്തുന്നതിലായിരിക്കും 'ആസ്റ്റർ ഹാൻഡ് ട്രാൻസ്പ്ലാന്റിന്റെ' ലക്ഷ്യം.ആധുനിക ശസ്ത്രക്രിയാരീതികൾ കൂടുതൽ മെച്ചപ്പെട്ടതോടെ, നഷ്ടമായ ചലനശേഷി വീണ്ടെടുക്കാൻ ആഗ്രഹിക്കുന്ന രോഗികൾക്ക് മുന്നിൽ ഇപ്പോൾ നിരവധി സാധ്യതകളുണ്ടെന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ പ്ലാസ്റ്റിക് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. പോൾ ജോർജ് പറഞ്ഞു.

കാഴ്ച്ചയിൽ ഭംഗി കൂട്ടാൻ മാത്രമുള്ളതല്ല പ്ലാസ്റ്റിക് സർജറിയെന്നും, അടിയന്തരഘട്ടങ്ങളിൽ ജീവൻ രക്ഷിക്കാനും രോഗികളെ സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാനും അതിന് കഴിയുമെന്നും അദ്ദേഹം പറഞ്ഞു.ചടങ്ങിൽ ഗായകനും ഗിന്നസ് ലോക റെക്കോർഡ് ജേതാവുമായ കൊച്ചിൻ മൻസൂർ, രോഗികളുടെ ചികിത്സാ അനുഭവം വർണിക്കുന്ന ഒരു ഗാനവും ആലപിച്ചു.

പ്ലാസ്റ്റിക്, റീകൺസ്ട്രക്റ്റീവ് ആൻഡ് എസ്തെറ്റിക് സർജറി കൺസൽട്ടൻറ് ഡോ. ആശിഷ് എസ്. ചൗധരി, ഓർത്തോപീഡിക് സർജറി സീനിയർ കൺസൽട്ടൻറ് ഡോ. വിജയമോഹൻ എസ് എന്നിവർ സംസാരിച്ചു.

ചേരാനല്ലൂർ കൗൺസിലർ ബെന്നി ഫ്രാൻസിസ്, ആസ്റ്റർ മെഡ്സിറ്റി ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ആയ ഡോ. ദിലീപ് പണിക്കർ, ചീഫ് നേഴ്സിങ് ഓഫിസർ തങ്കം രാജരത്തിനം, പ്ലാസ്റ്റിക് സർജറി ടെക്നീഷ്യൻ തങ്കദുരൈ, ഡോക്ടർമാരായ അനന്തകൃഷ്ണ ഭട്ട് വി (പോഡിയാട്രി വിഭാഗം), മനോജ് സനപ് (പ്ലാസ്റ്റിക് സർജറി വിഭാഗം സീനിയർ), മനോജ് പി നായർ (സീനിയർ കാർഡിയോ വാസ്കുലാർ തൊറാസിസ് സർജൻ), ജെം കളത്തിൽ (ഓങ്കോളജി സർജൻ), മയൂരി രജപുർക്കർ (ഹെഡ് ആൻഡ് നെക്ക് സർജറി), കാർക്കിനോസ് കേരളയുടെ സഹസ്ഥാപകനും മെഡിക്കൽ ഡയറക്ടറും സിഇഒയുമായ മോനി അബ്രഹാം കുര്യാക്കോസ് തുടങ്ങിയവർ സംസാരിച്ചു.

# എയർ ഇന്ത്യ എക്സ്പ്രസിലൂടെ വിമാന യാത്രയ്ക്കൊപ്പം ടൂർ പാക്കേജും ബുക്ക് ചെയ്യാം

**കൊച്ചി:** ദുബായ്, കശ്മീർ തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് അവധിക്കാല യാത്ര നടത്തുന്നവർക്ക് വിമാന ടിക്കറ്റിനൊപ്പം ടൂർ പാക്കേജും കുറഞ്ഞ നിരക്കിൽ എയർ ഇന്ത്യ വെബ്സൈറ്റ് വഴി ബുക്ക് ചെയ്യാൻ അവസരം ഒരുങ്ങുന്നു. എക്സ്പ്രസ് ഹോളിഡേസ് എന്ന പേരിൽ മേക്ക് മൈ ട്രിപ്പുമായി ചേർന്നാണ് ഈ പുതിയ പദ്ധതി.ദുബായ്, കശ്മമീർ, രാജസ്ഥാൻ, ഗോവ, അമർനാഥ്, മറ്റ് വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യുന്നവർക്ക് മശൃശിറശമലഃുൃലൈ.രീ എന്ന എയർ ഇന്ത്യ എക്സ്പ്രസ് വൈബ്സൈറ്റിലൂടെ ഈ സേവനം ബുക്ക് ചെയ്യാം. 15,876 രൂപ മുതൽ ഗോവ പാക്കേജും 44,357 രൂപ മുതൽ ദുബായ് പാക്കേജും ലഭ്യമാണ്. കശ്മീരിലേക്ക് 39,258 രൂപ മുതലും അമർനാഥിലേക്ക് 33,000 രൂപ മുതലും പാക്കേജുകൾ ലഭ്യമാണ്.ഇരുവശത്തേക്കുമുള്ള വിമാന ടിക്കറ്റ്, മൂന്ന് രാത്രിയും നാല് പകലും ഫോർ സ്റ്റാർ ഹോട്ടലിലെ താമസം, എയർപോർട്ടിൽ നിന്നും ഹോട്ടലിലേക്കും തിരികെ എയർപ്പോർട്ടിലേക്കും ടാക്സി സേവനം, ഭക്ഷണം, തുടങ്ങിയവ അടക്കമാണുള്ളതാണ് പാക്കേജ്. ഇരുവശത്തേക്കുമുള്ള വിമാന ടിക്കറ്റ്, വിസ, സൈറ്റ് സീയിംഗ്, താമസ സൗകര്യം അടക്കം അടക്കം നാല് രാത്രിയും അഞ്ച് പകലും നീണ്ടുനിൽക്കുന്നതാണ് ദുബായ് പാക്കേജ്.യാത്രയുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന സേവനം എയർ ഇന്ത്യ എക്സ്പ്രസിൻറെ വെബ്സൈറ്റിലൂടെയും മൊബൈൽ അപ്പിലൂടെയും ലഭ്യമാക്കുന്നതിൽ സന്തോഷമുണ്ടെന്ന് എയർ ഇന്ത്യ എക്സ്പ്രസ് ചീഫ് കൊമേഴ്സ്യൽ ഓഫീസർ അങ്കുർ ഗാർഗ് പറഞ്ഞു. മേക്ക് മൈ ട്രിപ്പുമായി ചേർന്ന് എക്സ്പ്രസ് ഹോളിഡേസിന് തുടക്കമിട്ടതോടെ രാജ്യത്തുടനീളം യാത്ര ചെയ്യുന്നതിനൊപ്പം മികച്ച ഓഫറിൽ താമസിക്കാനുമുള്ള അവസരം കൂടിയാണ് തുറന്നിടുന്നതെന്നും അദ്ദേഹം പറഞ്ഞു.എയർ ഇന്ത്യ എക്സ്പ്രസുമായുള്ള ഈ പങ്കാളിത്തം ഓരോ യാത്രാ അനുഭവവും സമഗ്രമാക്കുമെന്ന് മേക്ക് മൈ ട്രിപ്പ് ഫ്ളൈറ്റ്, ഹോളിഡേസ് ആൻറ് ഗൾഫ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സൗജന്യ ശ്രീവാസ്തവ പറഞ്ഞു.

# പുതിയ സുഗന്ധ ലേപനങ്ങൾ അവതരിപ്പിച്ച് ബാത്ത് ആന്റ് ബോഡി വർക്ക്സ്




**കൊച്ചി:** മൺസൂൺ വേളയിലേക്കായി ബാത്ത് ആന്റ് ബോഡി വർക്ക്സ് സവിശേഷമായ സെന്റുകളുടെ നിര അവതരിപ്പിച്ചു. ഓരോ മൂഡിനും സ്റ്റൈലിനും അനുയോജ്യമായ രീതിയിൽ വിപുലമായ തെരഞ്ഞെടുപ്പുകളാണ് ഇവിടെ അവതരിപ്പിക്കുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. 1999 രൂപ വീതമുള്ള ഗിങ്ഹാം ബ്ലൂ ഫൈൻ ഫ്രാഗ്രൻസ് മിസ്റ്റ്, ജപ്പാനീസ് ചെറി ബ്ലോസം ഫൈൻ ഫ്രാഗ്രൻസ് മിസ്റ്റ്, 2099 രൂപ വീതം വിലയുള്ള എ തൗസണ്ട് വിഷസ് ഫൈൻ ഫ്രാഗ്രൻസ് മിസ്റ്റ്, ഇൻ ദി സ്റ്റാർസ് ഫൈൻ ഫ്രാഗ്രൻസ് മിസ്റ്റ്, ഷാമ്പെയിൽ ടോസ്റ്റ് ഫൈൻ ഫ്രാഗ്രൻസ് മിസ്റ്റ്, ഇന്റു ദി നൈറ്റ് ഫൈൻ ഫ്രാഗ്രൻസ് മിസ്റ്റ് എന്നിവയാണ് അവതരിപ്പിച്ചത്. ബാത്ത് ആന്റ് ബോഡി വർക്ക്സ് സ്റ്റോറുകളിലും bathandbodyworks.in വഴി ഓൺലൈനായും ഇതു വാങ്ങാം.

# ആമസോൺ പ്രൈം ഡേയിലെ ഡീലുകൾ പ്രഖ്യാപിച്ചു




**കൊച്ചി:** ജൂലൈ 20, 21 തീയതികളിൽ നടക്കുന്ന പ്രൈം ഡേയിൽ ലഭ്യമാകുന്ന മികച്ച ഡീലുകളും പുതിയ ലോഞ്ചുകളും എന്റർടെയ്ൻമെന്റ് ലൈനപ്പുകളും പ്രഖ്യാപിച്ച് ആമസോൺ ഇന്ത്യ.

20 ന് പുലർച്ചെ 12 മണിക്ക് ആരംഭിച്ച് ജൂലൈ 21 രാത്രി 11:59 വരെ തുടരുന്ന പ്രൈം ഡേ സെയിലിൽ പ്രൈം അംഗങ്ങൾക്ക് സ്മാർട്ട് ഫോണുകൾ, കൺസ്യൂമർ ഇലക്ട്രോണിക്സ്, ടിവികൾ, ഗൃഹോപകരണങ്ങൾ, ആമസോൺ ഡിവൈസുകൾ, ഫാഷൻ & ബ്യൂട്ടി, ഹോം & കിച്ചൺ, ഫർണിച്ചറുകൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവയിലെല്ലാം ഇളവുകൾ നേടാം.സാംസങ്, വൺപ്ലസ്, എച്ച് പി, അസ്യൂസ്, ടൈറ്റാൻ, ലെനോവോ, അമേരിക്കൻ ടൂറിസ്റ്റർ, വോൾട്ടാസ്, ഫോസിൽ, ഹിമാലയ എന്നിങ്ങനെ 450ലധികം ഇന്ത്യൻ, ആഗോള ബ്രാൻഡുകളിൽ നിന്ന് ആയിരക്കണക്കിന് പുതിയ ഉൽപ്പന്നങ്ങളുടെ ലോഞ്ചും നടക്കും.

കൂടാതെ, പ്രൈം ഡേ സമയത്ത് വിവിധ ബാങ്ക് ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകൾ, ഇഎംഐ ട്രാൻസാക്ഷനുകൾ എന്നിവയിൽ 10% സേവിംഗ്സും നേടാം.



# സ്പോട് അഡ്മിഷൻ

**കൊച്ചി :** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, സമുദ്ര രസതന്ത്ര വകുപ്പിൽ എം.എസ്.സി (ഹൈഡ്രോ കെമിസ്ട്രി ) കോഴ്സിൽ വി.എസ്.കെ, കെ.എസ്.സി, പി.എച്ച്.സി, എൽ.ഡി.ഡബ്ല്യൂ, ടി.എസ്.ജി, ഐ.ഡി.സി വിഭാഗം ഒഴിവുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 19.07.2024 (വെള്ളിയാഴ്ച്) രാവിലെ 10.30 ന് എറണാകുളം ഫോർഷോർ റോഡിലുള്ള മറൈൻ സയൻസിലെ വകുപ്പ് കാര്യാലയത്തിൽ നടത്തുന്നു. യൂണിവേഴ്സിറ്റി കാറ്റ് റാങ്കാരുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ www.admission.cusat.ac.in ൽ ലഭ്യമാണ് ഫോൺ 7356161599

കൊച്ചി ശാസ്ത്ര സർവകലാശാല പ്രൊഫ.എൻ ആർ മാധവമേനോൻ ഇൻറ്റർ ഡിസിപ്ലിനറി സെന്റർ നടത്തുന്ന അഞ്ചു വർഷ ബിരുദ പ്രോഗ്രാമായ ബി.എസ്.സി, കമ്പ്യൂട്ടർ സയൻസ് എൽ.എൽ.ബി (ഹോണെഴ്സ്) പ്രോഗ്രാമിൽ ഒഴിവുള്ള 4 സീറ്റുകളിലേക്ക് സ്പോട് അഡ്മിഷൻ 19072024 (വെള്ളിയാഴ്ച്ച നടത്തുന്നു. താല്പര്യമുള്ളവർ അന്നേ ദിവസം രാവിലെ 9.30 ന് ടി ഓഫീസിൽ റിപ്പോർട് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. ഫോൺ നമ്പർ: 8078019688.

കൊച്ചി ശാസ്ത്ര സർവകലാശാല പ്രൊഫ. എൻ ആർ മാധവമേനോൻ ഇൻറ്റർ ഡിസിപ്ലിനറി സെന്റർ നടത്തുന്ന ദ്വിവത്സര ബിരുദാനന്തര ബിരുദ പ്രോഗ്രാമായ മാസ്റ്റേഴ്സ് ഇൻ ബയോ എത്തിക്ൾസ് പ്രോഗ്രാമിൽ ഒഴിവുള്ള 37 സീറ്റുകളിലേക്ക് സ്പോട് അഡ്മിഷൻ 18072024 വ്യാഴാഴ്ച്ച നടത്തുന്നു. താല്പര്യമുള്ളവർ അന്നേ ദിവസം രാവിലെ 9.30ന് പ്രസ്തുത ഓഫീസിൽ റിപ്പോർട് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in, icrep.cusat.ac.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. ഫോൺ നമ്പർ: 8078019688.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ എംടെക് ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ് പ്രോഗ്രാമിൽ ഒഴിവുള്ള 6 സീറ്റുകളിലേക്ക് 2024 ജൂലൈ 19ന് (വെള്ളി) രാവിലെ 10 മണിക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. DAT റാങ്ക് ലിസ്റ്റിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ, ആവശ്യമായ യോഗ്യതകൾ/മാനദണ്ഡങ്ങൾ പാലിക്കുന്ന വിദ്യാർത്ഥികളെയും പ്രവേശനത്തിനായി പരിഗണിക്കും. താൽപ്പര്യമുള്ള വിദ്യാർത്ഥികൾ വിദ്യാഭ്യാസയോഗ്യത, സംവരണം എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ റിപ്പോർട്ട് ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക്04842575893/2862470 എന്ന നമ്പറിലോ www.admission.cusat.ac.in എന്ന സൈറ്റിലോ ബന്ധപ്പെടുക.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ, പരിസ്ഥിതി പഠന വിദ്യാലയത്തിൽ 2024 ലെ പി.ജി. പ്രവേശനത്തിനായുള്ള സ്പോട്ട് അഡ്മിഷൻ 19.07.2024 (വെള്ളി) ന് സർവ്വകലാശാലയുടെ തൃക്കാക്കര കാമ്പസിലെ പരിസ്ഥിതി പഠന വിദ്യാലയത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഒഴിവുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് : 0484 2862551, 0484 2577311, e-mail : ses@cusat.ac.in

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഇന്റഗ്രേറ്റഡ് കോഴ്സുകൾക്കുള്ള (ഫോട്ടോണിക്സ്, കമ്പ്യൂട്ടർ സയൻസ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റാ സയൻസ്, ഫിസിക്സ്, മാത്തമാറ്റിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ് ബിയോളോജിക്കൽ സയൻസ് സ്പോട് അഡ്മിഷൻ ജൂലൈ 18 ന് അതാതു ഡിപ്പാർട്ട്മെന്റിൽ വച്ച് നടത്തും. SC/ST വിഭാഗത്തിലേക്കുള്ള സ്പോട് അഡ്മിഷനും ഇതോടൊപ്പം നടത്തുന്നതായിരിക്കും രജിസ്ട്രേഷൻ സമയം 11.00 വരെ. ഹാജരാവേണ്ട അപേക്ഷകരുടെ റാങ്ക് പരിധിയും വിവിധ കോഴ്സുകളുടെ ഒഴിവുകളും അറിയുന്നതിനായി സർവകലാശാലയുടെ അഡ്മിഷൻ വെബ് സൈറ്റ് www.admissions.cusat.ac.in സന്ദർശിക്കുക ഫോൺ : 04842577100)

കുഞ്ഞാലി മരക്കാർ സ്കൂൾ ഓഫ് മറൈനിൽ ബിടെക് മറൈൻ എഞ്ചിനീയറിംഗ് പ്രോഗ്രാമിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ജൂലൈ 18ന് തൃക്കാക്കര കാമ്പസിലെ കെ.എം.എസ്.എം.ഇ.യിൽ നടത്തും. റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് മാത്രമാണ് അഡ്മിഷൻ. ഓൾ ഇന്ത്യ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിക്കുകയും സ്റ്റേറ്റ് മെറിറ്റ് സീറ്റിലേക്ക് മാറാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർക്കും പങ്കെടുക്കാം 8.30 മുതൽ 10 വരെയാണ് രജിസ്ട്രേഷൻ



# ‘നമസ്കാരം ദിനേശാണ് പി ആർ ഒ’ പ്രകാശനം ചെയ്തു

**കൊച്ചി:** സിനിമ പി ആർ ഒ എ എസ് ദിനേശ് എഴുതിയ ‘നമസ്കാരം ദിനേശാണ് പി ആർ ഒ‘ എന്ന പുസ്തകം, അമ്മ ജനറൽ സെക്രട്ടറി സിദ്ദീഖ്, ഫെഫ്ക ജനറൽ സെക്രട്ടറി സംവിധായകൻ ബി ഉണ്ണികൃഷ്ണന് നൽകി പ്രകാശനം നിർവ്വഹിച്ചു.എറണാകുളം വൈഎംസിഎ ഹാളിൽ നടന്ന ചടങ്ങിൽ സംവിധായകൻ സിബി മലയിൽ മുഖ്യാതിഥി ആയിരുന്നു.

സംവിധായകരായ എം പത്മകുമാർ,പി കെ ബാബുരാജ്,വ്യാസൻ എടവനക്കാട്, തിരക്കഥാകൃത്ത് ജിനു ഏബ്രഹാം, എറണാകുളം പ്രസ് ക്ലബ്ബ് പ്രസിഡണ്ട് ഹരികുമാർ എം ആർ,റാണി ശരൺ എന്നിവർ സംസാരിച്ചു.വിവേക് മുഴക്കുന്ന് പുസ്തകത്തെ പരിചയപ്പെടുത്തിഅനു കുരിശിങ്കൽ സ്വാഗതവും സി വി ഹരീന്ദ്രൻ നന്ദിയും രേഖപ്പെടുത്തി.

# കോലഞ്ചേരി അസ്സോസിയേഷൻ യുഎഇ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ ബഡ്സ് സ്കൂളിന് ബസ് നൽകുന്നു



**കോലഞ്ചേരി:** കോലഞ്ചേരി അസ്സോസിയേഷൻ യുഎഇ രണ്ട് ദശാബ്ദങ്ങൾ പൂർത്തീയാക്കിയതിന്റെ ആഘോഷവേളയിൽ പൂതൃക്ക പഞ്ചായത്ത് കിങ്ങിണിമറ്റത്ത് ആരംഭിക്കുന്ന ബഡ്സ് സ്കൂളിന് ബസ്സ് നൽകുന്നു. ജൂലൈ 20 ന് വൈകിട്ട് 4 മണിയ്ക്ക് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് അസ്സോസിയേഷൻ പ്രസിഡന്റ് ഷിബു കെ കുര്യാക്കോസിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന യോഗം കേരളത്തിന്റെ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. ബസ്സിന്റെ താക്കോൽ ദാനം ബെന്നി ബഹനാൻ എം.പി. പൂതൃക്ക പഞ്ചായത്ത് പ്രസിഡണ്ട് റ്റി.പി. വറുഗീസിന് നൽകി നിർവഹിക്കും. കോലഞ്ചേരിയിലും, സമീപപ്രദേശങ്ങളിലുമുള്ള 25 സ്കൂളുകൾക്ക് അസ്സോസിയേഷൻ നൽകിവരുന്ന വിദ്യാഭ്യാസ ധനസഹായം അഡ്വ.പി.വി.ശ്രീനിജൻ എംഎൽഎ വിതരണം ചെയ്യും.

പ്രശസ്ത സാമൂഹിക പ്രവർത്തക ദയാബായി മുഖ്യപ്രഭാഷണവും, മഴുവന്നൂർ പഞ്ചായത്ത് മെമ്പർ ജോർജ്ജ് ഇടപ്പരത്തി ആശംസപ്രസംഗവും നടത്തും.

നടൻ ഹരിശ്രീ അശോകന്റെ നേതൃത്വത്തിൽ കൊച്ചിൻ കലാഭവനിലൂടെ പ്രശസ്തരായ 40 പേരടങ്ങുന്ന കലാപ്രതിഭകൾ അവതരിപ്പിക്കുന്ന മ്യൂസിക്കൽ മെഗാഷോയും ഉണ്ടായിരിക്കുമെന്ന് ജനറൽ കൺവീനർ എൽദോ പോൾ പത്രസമ്മേളനത്തിൽ അറിയിച്ചു.

നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും പ്രളയദുരിതത്തിലായവർക്ക് നൽകിയ സഹായങ്ങളും അഭ്യസ്തവിദ്യരായവർക്ക് തൊഴിലവസരങ്ങൾ ഒരുക്കിയതും ഭവനനിർമ്മാണത്തിന് സാമ്പത്തികസഹായം നൽകിയതും വിദ്യാഭ്യാസ സഹായങ്ങൾ വിതരണം ചെയ്തതും തുടങ്ങി ഒട്ടനവധി ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ കോലഞ്ചേരി അസ്സോസിയേഷൻ യുഎഇ ഇതിനകം ശ്രദ്ധേയസാന്നിധ്യമായി മാറി.

പത്രസമ്മേളനത്തിൽ ലിജോയ് വർഗീസ്, എൽദോ സി. പീറ്റർ, കുര്യൻ വർഗീസ്, എൽദോ എം. ചാക്കോ, പ്രദീപ് പ്രഭാകർ, ജോർജ് എൻ. പോൾ എന്നിവർ സംബന്ധിച്ചു.

# പള്ളിപ്പുറം കോൾ ടൂറിസത്തിന് വഴിയൊരുങ്ങുന്നു

**തൃശൂർ:** 2.50 കോടി രൂപയുടെ പ്രാഥമികചെലവിൽ മനക്കൊടി പുള്ള് പള്ളിപ്പുറം കോൾ ടൂറിസം പദ്ധതിക്കു വഴിയൊരുങ്ങുന്നു. ഫാം ടൂറിസം, പക്ഷിനിരീക്ഷണം, സായാഹ്ന സവാരി, ജലയാത്ര, സെൽഫി പോയിൻറുകൾ, കലാകേന്ദ്രം, വിശ്രമം, സൈക്കിൾസവാരി, കഫ്റ്റീരിയ, ടേക്ക് എ ബ്രേക്ക്, വാട്ടർ കിയോസ്ക് സൗകര്യങ്ങൾ ഏർപ്പെടുത്തിയാണു പദ്ധതി നടപ്പാക്കുക. സൗന്ദര്യവത്കരണം, പാർക്കിംഗ്, ഇരിപ്പിടങ്ങൾ, നടപ്പാതകൾ എന്നിവയും ഒരുക്കും.

ചാഴൂർ, അരിമ്പൂർ, പാറളം, പഞ്ചായത്ത് പ്രദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെടും. സി.സി. മുകുന്ദൻ എംഎൽഎ രണ്ടു കോടി രൂ



പയും ചാഴൂർ ഗ്രാമപഞ്ചായത്ത് 50 ലക്ഷം രൂപയും പദ്ധതിക്കായി വകയിരുത്തി. വിവിധ വകുപ്പുകളിലെ വിദഗ്ധരെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി പഠനം നടത്തി പദ്ധതിക്കു രൂപരേഖ തയാറാക്കുമെന്നു ആലോചനായോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി.എസ്. പ്രിൻസ് പറഞ്ഞു.

ഹരിതകേരളം മിഷൻ ജില്ല കോ ഓർഡിനേറ്റർ സി. ദിദിക പദ്ധതി വിശദീകരിച്ചു. ചാഴൂർ, പാറളം, ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാരായ കെ.എസ്. മോഹൻദാസ്, മിനി വിനയൻ, അരിമ്പൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് സജീഷ്, കെഎൽഡിസി, ടൂറിസം വകുപ്പ്, ശുചിത്വമിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി, കൃഷി, മൈനർ ഇറിഗേഷൻ, പൊതുമരാമത്തുവകുപ്പ് വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ ചർച്ചയിൽ പങ്കെടുത്തു.



## ലയൺസ് ക്ലബ് കൊച്ചി എംപയർന്റെ ഈ വർഷത്തെ സേവന പ്രവർത്തനങ്ങൾക്ക് ജസ്റ്റിസ് ജെ ബി കോശി തുടക്കം കുറിച്ചു

**കൊച്ചി:** സേവന തൽപരതയോടു കൂടിയ ലയൺസ് ക്ലബിന്റെ പ്രവർത്തനങ്ങൾ സമൂഹത്തിൽഅവശത അനുഭവിക്കുന്നവർക്ക് ഏറെ സഹായകരമാണെന്നു ജസ്റ്റിസ് അഭിപ്രായപ്പെട്ടു. ഒരു വർഷം നീണ്ടുനിൽക്കുന്ന ഹംഗർ പ്രൊജക്ട്, ഓട്ടോ തൊഴിലാളികൾക്ക് ഫസ്റ്റ് എയ്ഡ് ബോക്സ് വിതരണം, പാർപ്പിട പദ്ധതി, ബാല്യകാല ക്യാൻസർ ബാധിച്ച കുട്ടികളുടെ കുടുംബങ്ങൾക്കുള്ള മെഡിക്കൽ എയ്ഡ്, കുട്ടികളുടെ വായന അഭിരുചി വളർത്തുന്നതിനായി റീഡിംഗ് ആക്ഷൻ പ്രോഗ്രാം തുടങ്ങിയ പദ്ധതികളുടെ ഉദ്ഘാടനം ജസ്റ്റിസ് നിർവഹിച്ചു. ഓട്ടോതൊഴിലാളികൾക് ഫസ്റ്റ് എയ്ഡ് കിറ്റുകളും, ക്യാൻസർ ബാധിതരായ കുട്ടികൾക്ക് ചികിത്സക്കായുള്ള ധനസഹായവും യോഗത്തിൽ വിതരണം നടത്തുകയുണ്ടായി. മുൻ ഡിസ്ട്രിക്ട് ഗവർണർമ്മാരായ അഡ്വ. എ വി വാമനകുമാർ, കുര്യൻ ജോൺ, ക്ലബ് പ്രസിഡന്റ് ജോസഫ് തരുൺ പട്ടാശ്ശേരി, ഡോ. ദേവിദാസ് വെള്ളോഡി, റീജിയൻ ചെയർമാൻ ബീന വാമനകുമാർ, സെക്രട്ടറി മേഘ ജോൺസൺ, ട്രഷറർ പ്രീത രാമചന്ദ്രൻ, ലയൺസ് ഡിസ്ട്രിക്ട് സെക്രട്ടറി ജോൺസൻ സി. എബ്രഹാം, ലിയോ ക്ലബ് പ്രസിഡണ്ട് അൽവിന ജോൺസൻ തുടങ്ങിയവർ പ്രസംഗിച്ചു.

## പുതിയ ഡിസൈൻ ടീസർ അവതരിപ്പിച്ച് സ്കോഡ

**കോട്ടയം:** സ്കോഡ പുതിയ കോംപാക്ട് എസ്.യു.വിയുടെ ഡിസൈൻ ടീസർ അവതരിപ്പിച്ചു. ആധുനിക, ബോൾഡ്, മസ്കുലാർ ലുക്കിലുള്ള ഡിസൈനാണ് പുറത്ത് വന്നത്. കുഷാഖ്, സ്ലാവിയ പോലുള്ള വലിയ കാറുകൾക്കായി വികസിപ്പിച്ചിട്ടുള്ള എം.ക്യു.ബി.എം ഇൻ പ്ലാറ്റ്ഫോമിലാണ് പുതിയ എസ്.യു.വി എത്തുന്നത്. സ്കോഡ കാറുകളുടെ ലാളിത്യം, ദൃഢത, നിലവാരം എന്നിവയെ പ്രതിഫലിക്കുന്നതാണിത്. ഇന്ത്യയിലെ സബ് 4മീറ്റർ എസ്.യു.വി സെഗ്മെന്റിലാണ് പുതിയ സ്കോഡ മത്സരിക്കുക. അടുത്ത വർഷം ഇന്ത്യയിലെത്തുമെന്ന് സ്കോഡ ഓട്ടോയുടെ ബ്രാൻഡ് ഡയറക്ടർ പീറ്റർ ജനീബ പറഞ്ഞു.

## 50,000ലധികം ക്രിയേറ്റർമാരുമായി ആമസോൺ സഹകരിക്കുന്നു

**കൊച്ചി:** ആമസോൺ ഇൻഫ്ലുവൻസർ പ്രോഗ്രാമിന്റെ ഭാഗമായി രാജ്യത്ത് 50,000ലധികം ക്രിയേറ്റർമാരുമായി സഹകരിക്കുന്നു. ഈ ക്രിയേറ്റർമാരിൽ നൂറുകണക്കിനാളുകൾ ആമസോൺ ലൈവ് പ്രോഗ്രാമിന്റെ ഭാഗവുമാണ്. ഇതുവഴി ഉപഭോക്താക്കൾക്ക് ക്രിയേറ്റർമാരുമായും ബ്രാൻഡ് പ്രതിനിധികളുമായും നേരിട്ട് സംവദിക്കാൻ കഴിയും. മോട്ടോറോള, സാംസങ്, ഫോറെവർ21 എന്നിവയുൾപ്പെടെ 7 ബ്രാൻഡുകൾ ആമസോൺ ലൈവിൽ ഈ സമയത്ത് ഉൽപ്പന്നങ്ങൾ അവതരിപ്പിക്കും. ഈ മാസം 20, 21 തീയതികളിലെ പ്രൈം ഡേയിൽ ക്രിയേറ്റർമാർ ഉൽപ്പന്നങ്ങളെക്കുറിച്ചും ഓഫറുകളെക്കുറിച്ചും ഉപഭോക്താക്കൾക്ക് വിവരങ്ങൾ ലഭ്യമാക്കും.

## സായി ലൈഫ് സയൻസസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ആഗോള തലത്തിൽ ഔഷധ ഗവേഷണ, വികസന, ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സായി ലൈഫ് സയൻസസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 800 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ ഒരു രൂപ മുഖവിലയുള്ള 61,573,120 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# മറുവശം ക്യാരക്ടർ പോസ്റ്റർ പുറത്ത്

**കൊച്ചി:** ഗ്രാമീണ കഥാപാത്രങ്ങളിലൂടെയും സ്വഭാവനടനിലൂടെയും പ്രേക്ഷക ഹൃദയങ്ങളിൽ ഇടം നേടിയ നടൻ ജയശങ്കർ കാരിമുട്ടം മുട്ടം നായകനാകുന്നു. ജയശങ്കറിന്റെ പുതിയ ചിത്രമായ മറുവശത്തിന്റെ ക്യാരക്ടർ പോസ്റ്റർ അണിയറപ്രവർത്തകർ പുറത്തുവിട്ടു. സംവിധായകനും തിരക്കഥാകൃത്തും നടനുമായ അനുറാം കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് മറുവശം. ജയകൃഷ്ണന് പുറമെ മലയാളത്തിലെ പ്രമുഖ താരങ്ങളും അണിനിരക്കുന്ന ചിത്രം നിർമ്മിക്കുന്നതും അനുറാമാണ്. കല്ല്യാണിസം, ദം, ആഴം എന്നീ ചിത്രങ്ങൾക്ക് ശേഷം അനുറാം റാംസ് ഫിലിം ഫാക്ടറിയുടെ ബാനറിൽ സ്വന്തമായി നിർമ്മിക്കുന്ന ചിത്രം കൂടിയാണ് മറുവശം. ഷെഹിൻ സിദ്ദിഖ്, പ്രശാന്ത് അലക്സാണ്ടർ, കൈലാഷ് എന്നിവരും ചിത്രത്തിലെ ശ്രദ്ധേയരായ അഭിനേതാക്കളാണ്.

'വധു ഡോക്ടറാണ്' എന്ന ചിത്രത്തിലൂടെ മലയാള ചലച്ചിത്ര രംഗത്തെത്തിയ ജയശങ്കർ കഴിഞ്ഞ മുപ്പത് വർഷത്തിലേറെയായി മലയാളസിനിമയിലെ സജീവ സാന്നിധ്യമാണ്. അദ്ദേഹം അഭിനയിച്ചിട്ടുള്ള എല്ലാ ചിത്രങ്ങളിലും തൻറേതായ ഒരു കൈയ്യൊപ്പ് ചാർത്തിയതിലൂടെ മലയാളികൾക്ക് സുപരിചിതനാണ് താരം.




ഭ്രമരം, പളുങ്ക്, ആമേൻ, മഹേഷിന്റെ പ്രതികാരം, ഞാൻ പ്രകാശൻ തുടങ്ങി നൂറോളം ചിത്രങ്ങളിൽ ജയശങ്കർ അഭിനയിച്ചിട്ടുണ്ട്. എല്ലാം മികച്ച കഥാപാത്രങ്ങളായിരുന്നു. മറുവശത്തിലൂടെയാണ് ആദ്യമായി ജയശങ്കർ നായകനിരയിലേക്ക് എത്തുന്നത്. സ്കൂൾ പഠനകാലം മുതൽ നാടകരംഗത്ത് പ്രവർത്തിച്ചിട്ടുള്ള ജയശങ്കർ 1994 ലാണ് സിനിമയിലേക്ക് എത്തുന്നത്. ഏറെ വൈകിയെങ്കിലും നായകനിരയിലേക്ക് താൻ എത്തിയതിൽ ഏറെ സന്തോഷമുണ്ടെന്ന് ജയശങ്കർ പറഞ്ഞു. മറുവശം പ്രമേയം കൊണ്ട് വളരെ മികച്ച സിനിമയാണ്. പ്രേക്ഷകർ സ്വീകരിക്കുന്ന ഒട്ടേറെ മുഹൂർത്തങ്ങൾ ചിത്രത്തിൽ ഒരുക്കിയിട്ടുണ്ടെന്നും ജയശങ്കർ സൂചിപ്പിച്ചു.

പ്രമേയത്തിലെ പുതുമയും അവതരണത്തിലെ വ്യത്യസ്തതയും കൊണ്ട് മറുവശം ശ്രദ്ധേയമായ ഒരു ചിത്രമായിരിക്കുമെന്നും സംവിധായകൻ വ്യക്തമാക്കി.ശ്രീജിത്ത് രവി, അഥിതി മോഹൻ , അഖിൽ പ്രഭാകരൻ, സ്മിനു സിജോ, നദി ബക്കർ, റ്റിങ്കിൾ ജോബി,ബോബൻ ആലുമ്മൂടൻ, ക്രിസ്സ് വേണുഗോപാൽ. ഹിസ്സാൻ, സജിപതി, ദനിൽ കൃഷ്ണ, സഞ്ജു സലിം പ്രിൻസ്. റോയ് .തുടങ്ങിയവരാണ് താരങ്ങൾ. ബാനർ റാംസ് ഫിലിം ഫാക്ടറി, രചന , സംവിധാനം അനുറാം.മാർട്ടിൻ മാത്യു ഛായാഗ്രഹണം,ഗാനരചന ആന്റണി പോൾ, സംഗീതം അജയ് ജോസഫ്, പ്രൊഡക്ഷൻ കൺട്രോളർ ഷാജി പട്ടിക്കരപി.ആർ.ഒ പി.ആർ.സുമേരൻ



# കമ്മിഷനിംഗിനൊരുങ്ങി തൊട്ടിയാർ ചെറുകിട ജലവൈദ്യുത പദ്ധതി

**അടിമാലി:** തൊട്ടിയാർ ചെറുകിട ജലവൈദ്യുത പദ്ധതി കമ്മിഷനിംഗിനൊരുങ്ങുന്നു. പത്ത് മെഗാവാട്ടിന്റെ ജനറേറ്റർ കമ്മീഷൻ ചെയ്യാനാകുമെന്നാണ് ബന്ധപ്പെട്ടവരുടെ പ്രതീക്ഷ. മുപ്പത് മെഗാവാട്ടിന്റെ ജനറേറ്റർ ഇതിനു പിന്നാലെ കമ്മീഷൻ ചെയ്യും. അവസാന ഘട്ട ടെസ്റ്റിംഗ്, കമ്മീഷനിംഗ് പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് വൈദ്യുതി വകുപ്പ് മന്ത്രി അറിയിച്ചു.

2009ൽ ആണ് തൊട്ടിയാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമാണം ആരംഭിച്ചത്. ദേവിയാർ പുഴയുടെ ഭാഗമായ വാളറക്ക് സമീപം തൊട്ടിയാറിൽ തടയണ നിർമിച്ച് പെരിയാറിന്റെ തീരത്ത് നീണ്ടപാറയിൽ നിർമിച്ചിട്ടുള്ള നിലയത്തിൽ വെള്ളം എത്തിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുംവിധമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2009ൽ 207 കോടി രൂപയ്ക്കാണ് പദ്ധതിയുടെ ടെൻഡർ നടപടികൾ നടന്നത്. എന്നാൽ, പണികൾ പാതിവഴിയിൽ നിലച്ചു. പിന്നീട് 2018ൽ എസ്റ്റിമേറ്റ് പുതുക്കിയ ശേഷം 280 കോടിക്ക് വീണ്ടും ടെൻഡർ നടപടികൾ പൂർത്തീകരിച്ചാണ് ജോലികൾ അന്തിമ ഘട്ടത്തിലേക്ക് നീങ്ങിയത്.

ആദ്യം നൽകിയ കരാർ റദ്ദാക്കി രണ്ടാമത് മറ്റൊരു കരാർ ചെയ്യേണ്ടി വന്നതും 2018ലെ പ്രളയവും 2019ലെ കാലവർഷക്കെടുതികളും പിന്നാലെയെത്തിയ കോവിഡും എല്ലാം പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിരുന്നു. ഇതിനു ശേഷമാണിപ്പോൾ നിർമാണ ജോലികൾ പൂർത്തീകരിച്ച് പദ്ധതി കമീഷൻ ചെയ്യാൻ ഒരുങ്ങുന്നത്. തൊട്ടിയാർ മുതൽ പത്താം മൈലിന് സമീപം വരെയുള്ള പുഴയുടെ ഇരു കരകളിലുമായി 10 ഹെക്ടറോളം ഭൂമിയാണ് പദ്ധതിക്കു വേണ്ടി വൈദ്യുതി വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്. ഇതോടൊപ്പം വനം, റവന്യൂ വകുപ്പുകളിൽനിന്ന് പദ്ധതിക്ക് ആവശ്യമായ ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്.

ദേവിയാർ പുഴയ്ക്കു കുറുകെ 222 മീറ്റർ നീളത്തിലാണ് തടയണ നിർമിച്ചിട്ടുള്ളത്. അനുബന്ധമായി 199 മീറ്റർ നീളത്തിൽ ടണലും 1,250 മീറ്റർ ദൂരത്തിൽ പെൻസ്റ്റോക്കും സ്ഥാപിച്ചിട്ടുണ്ട്. 2.05 മീറ്റർ ആണ് പെൻസ്റ്റോക്കിന്റെ വ്യാസം.

നിലവിൽ പദ്ധതി കമ്മീഷൻ ചെയ്യാത്തതിനാൽ ദേവിയാർ പുഴയിലൂടെ ഒഴുകിയെത്തുന്ന വെള്ളം തൊട്ടിയാറിലെ തടയണ നിറഞ്ഞ് പാഴായി ഒഴുകിപോകുകയാണ്. പദ്ധതിയുടെ കമ്മീഷനിംഗ് നടക്കുന്നതോടെ വൈദ്യുതി ഉത്പാദനത്തിന് ഈ വെള്ളം പ്രയോജനപ്പെടുത്തും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കടലോരത്ത് ചാകര; മത്സ്യവില കുറയുന്നു

**കോഴിക്കോട്:** ചാകരയുടെ ഭാഗമായി മത്തിയും ചെമ്മീനും ലഭിച്ചുതുടങ്ങിയതോടെ വിപണിയിൽ മത്സ്യവില കുറയുന്നു. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് നല്ലതോതിൽ മത്സ്യം ലഭിക്കുന്നുണ്ട്. ട്രോളിംഗ് നിരോധനത്തിനു പിന്നാലെ മത്സ്യവില കുതിച്ചുയർന്നിരുന്നു. ഇന്നലെ മുതൽ ഇത് കുറഞ്ഞുതുടങ്ങി. കിലോയ്ക്ക് 400 രൂപയായിരുന്ന മത്തിക്ക് 200 മുതൽ 240 രൂപ വരെയാണ് വില. 300 രൂപയിലായിരുന്ന അയലക്ക് ഇപ്പോൾ 230രൂപയാണ്.

ആയിരത്തിനുമുകളിൽ കയറിയ അയക്കൂറ ഇപ്പോൾ 700രൂപയ്ക്ക് ലഭിക്കും. രണ്ടു മാസത്തോളം നീണ്ടു നിൽക്കുന്ന ട്രോളിംഗ് നിരോധന കാലത്ത് ചെറു വള്ളങ്ങൾക്ക് മാത്രമാണ് മത്സ്യബന്ധനത്തിന് അനുമതി ഉള്ളത്. ചെറു വള്ളങ്ങളിൽ എത്തിക്കുന്ന മത്തിക്ക് 400 രൂപയിലധികം വിലയായത് സാധാരണക്കാർക്ക് തിരിച്ചടിയായിരുന്നു.

മത്തി, അയല, ചെമ്മീൻ, അയക്കൂറ, നെത്തൽ തുടങ്ങിയ മീനുകളാണ് ഹാർബറിൽ എത്തുന്നത്. കഴിഞ്ഞ രണ്ട് ദിവസമായി ചെമ്മീൻ കിട്ടാത്ത സ്ഥിതിയാണ്. കിലോഗ്രാമിന് 300 രൂപ മുതൽ 400 രൂപ വരെ ലഭിച്ചിരുന്ന ചെമ്മീന് 90രൂപയായി കുറഞ്ഞിട്ടുണ്ട്. ഇന്നലെ വില അൽപംഉയർന്ന് 110ലേക്ക് കടന്നു. പൂവാലന് വില കുറഞ്ഞതോടെ ചെറിയ ചെമ്മീൻ വിഭാഗത്തിലുള്ള തെള്ളി ഉൾപ്പെടെ എല്ലാത്തരം ചെമ്മീനുകൾക്കും വില കുറഞ്ഞു. 200 രൂപ വിലയായിരുന്ന നെത്തലിന് 70 രൂപയിലെത്തി. ഇതുകാരണം ചെമ്മീൻ കുറഞ്ഞ വിലയ്ക്ക് വിൽക്കേണ്ട അവസ്ഥയാണെന്ന് കച്ചവടക്കാർ പറഞ്ഞു.



തമിഴ്നാട്, കർണാടക, ഗോവ, ആന്ധ്രപ്രദേശ് എന്നീ അയൽസംസ്ഥാനങ്ങളിൽ നിന്നുള്ള മീനിന്റെ വരവ് വർധിച്ചിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന മത്സ്യം പലപ്പോഴും കൃത്യമായി ശീതീകരിക്കാത്തവയും വലിയ അളവിൽ രാസവസ്തുക്കൾ ചേർത്തവയുമാണ്. ഇവ കഴിക്കുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. വയറിളക്കം, ഛർദ്ദി എന്നിവയുണ്ടാക്കാം. ലോറികളിൽ കൊണ്ടുവരുന്നതിന് പുറമേ ഇപ്പോൾ ട്രെയിനിൽ പോലും അയൽസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് മത്സ്യം കൊണ്ടുവരുന്നുണ്ട്.

ട്രോളിംഗ് തുടങ്ങിയതോടെ മത്സ്യലഭ്യത 80 ശതമാനത്തോളം കുറഞ്ഞിരുന്നു. ഇതുകാരണം മത്സ്യത്തൊഴിലാളികളും അനുബന്ധ മേഖലകളിലെ തൊഴിലാളികളും പ്രയാസത്തിലായിരുന്നു. അവർക്കെല്ലാം മത്തി, നെത്തൽ, ചെമ്മീൻ ചാകര താത്കാലികമായി ആശ്വാസം പകരുകയാണ്. ചെറു വള്ളങ്ങളിൽ മത്സ്യബന്ധനത്തിന് പോകുന്നവർക്ക് പലതരം പ്രയാസങ്ങളും നേരിടേണ്ടിവരുന്നു. മണ്ണെണ്ണയ്ക്ക് വില കൂടിയതും സബ്സിഡിയിൽ കിട്ടാത്തതുമാണ് വലിയ പ്രതിസന്ധി. അതേസമയം കനത്ത മഴയും കടൽ പ്രക്ഷുബ്ധമാകുന്നതും കാരണം കടലിൽ പോകുന്നതിനു വിലക്കുള്ളത് മത്സ്യത്തൊഴിലാളികൾക്ക് തിരിച്ചടിയാണ്.



## അമൃതം മലയാളം പഠനപദ്ധതി സർട്ടിഫിക്കറ്റ് വിതരണം

**കോയമ്പത്തൂർ :** വേൾഡ് മലയാളി കൗൺസിലിൻറെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന അമൃതം മലയാളം പഠന പദ്ധതിയുടെ രണ്ടാം ബാച്ചിലെ വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

എട്ടുമാസത്തെ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് തമിഴ് കവിയും വിവർത്തകനും കാലച്ചുവട് തമിഴ് മാസികയുടെ എക്സിക്യൂട്ടീവ് എഡിറ്ററുമായ എൻ.സുകുമാർ സർട്ടിഫിക്കറ്റുകൾ നൽകി.

യോഗത്തിൽ ഹിന്ദു മെട്രോ പ്ലസ് ഡെപ്യൂട്ടി ഡയറക്ടർ കെ.ജഷി മുഖ്യാതിഥിയായി. കേരള ക്ലബിൽ നടന്ന ചടങ്ങിൽ വിദ്യാർഥികൾ തങ്ങളുടെ പഠന കാലത്തെ അനുഭവങ്ങൾ പങ്കു വെച്ചു.

## സംസ്കൃത സർവ്വകലാശാല: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിൽ ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ സാൻസ്ക്രിറ്റ് കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സിലേയ്ക്ക് (രണ്ട് സെമസ്റ്ററുകൾ) അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 31.

50% മാർക്കിൽ കുറയാതെ ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബിരുദം നേടി, സംസ്കൃതത്തിൽ അടിസ്ഥാന പരിജ്ഞാനമുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധിയില്ല. എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. ആകെ 20 സീറ്റുകൾ.

ഹൈബ്രിഡ് മോഡിൽ ഓൺലൈനായും ഓഫ് ലൈനായുമാണ് പ്രോഗ്രാം നടത്തുക. വൈകുന്നേരങ്ങളിലും ശനി, ഞായർ ദിവസങ്ങളിലുമായിരിക്കും ക്ലാസുകൾ. ശനിയാഴ്ചകളിൽ രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ച് വരെയായിരിക്കും ക്ലാസുകൾ. മറ്റ് ദിവസങ്ങളിൽ വൈകിട്ട് നാല് മുതൽ എട്ടുവരെയും. സർവ്വകലാശാലയുടെ എൽ. എം. എസ്. പ്ലാറ്റ്ഫോമിലൂടെയായിരിക്കും ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിക്കുക.

അപേക്ഷ ഫീസ് ഓൺലൈനായി സമർപ്പിക്കണം. പ്രവേശന പരീക്ഷ ഓൺലൈനായി ഓഗസ്റ്റ് ഒൻപതിന് വൈകിട്ട് ഏഴിന് നടക്കും. ഓഗസ്റ്റ് 12ന് ഫലം പ്രസിദ്ധീകരിക്കും. ഓഗസ്റ്റ് 16ന് വൈകിട്ട് ഏഴിന് ഓൺലൈൻ ഇന്റർവ്യൂ നടക്കും. ഓഗസ്റ്റ് 23ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. സെപ്തംബർ 11ന് ക്ലാസുകൾ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കുന്നതിനും www.ssus.ac.in സന്ദർശിക്കുക.

